# നർമദാ സമരം: മേധയടക്കം 375 പേർ ജയിലിൽ; പുറത്ത് സംഘർഷം

നന്ദൻബാർ (മഹാരാഷ്ട്ര), സെപ്റ്റ. 29: സർദാർ സരോവർ പദ്ധതിക്കെതിരായി സമരം ചെയ്യുന്ന നർമദാ പോരാളികളെ ധോംഘെലടി ഗ്രാമത്തിലെ സത്യഗ്രഹ പന്തലിൽനിന്ന് ജില്ലാ നേതൃത്വം അറസ്റ്റുചെയ്തു ജയിലിലാക്കി. സുപ്രീംകോടതി തീർപ്പുവഴി ഡാമിന്റെ ഉയരം വർധിപ്പിച്ചതിനാണ് വെള്ളപ്പൊക്കംമൂലം ജലം ഉയർന്നത്. മുങ്ങിപോകലിനെതിരെ സമരരംഗത്തുള്ള നർമദാ ബച്ചാവോ ആന്ദോളൻ പ്രവർത്തകരിൽ ആദിവാസികളും വനിതകളുമുൾപ്പെടും.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള അനുഭാവികളും സമരക്കാർക്കൊപ്പമുണ്ട്. 'ഞങ്ങൾ ജനിച്ച് ജീവിച്ച ഈ നർമദാതടത്തിൽനിന്ന് മുങ്ങിപ്പോയാലും മരിച്ചാലും ഒരടി പോലും പിന്മാറില്ല' എന്ന് ആദിവാസികൾ ഉറപ്പിച്ചിരിക്കുകയാണ്. ഇത് റിപ്പോർട്ട് ചെയ്യുമ്പോൾ (അറസ്റ്റിനു മുമ്പ്) കരകവിഞ്ഞൊഴുകുന്ന നദിക്കരികിലുള്ള സമരപന്തലിൽ കഴുത്തൊപ്പം വെള്ളത്തിൽ 'ജലസമർപ്പണി'നു തയാറായി പലരും നിന്നു തുടങ്ങിയിട്ട് ഒരാഴ്ച പിന്നിട്ടിരുന്നു. വികസനം വേണം, വിനാശം വേണ്ട' എന്നയാവശ്യവുമായി കഴിഞ്ഞ 19 വർഷങ്ങളിലായി വിവിധ സമരങ്ങളിലേർപ്പെട സമാധാന സമരക്കാരെ അറസ്റ്റിനിടയിൽ മൃഗീയമായാണ് പോലീസ് നേരിട്ടതെന്ന് ദൃക്സാക്ഷികൾ ചൂണ്ടിക്കാട്ടി.

മഹാരാഷ്ട്ര, ഗുജറാത്ത്, മധ്യപ്രദേശ്, ഡൽഹി, സംസ്ഥാനങ്ങളിലും കേരളത്തിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് നർമദയ്ക്ക് പിന്തുണയേറുകയാണ്. നർമദ നമ്മുടെ പിന്തുണയും സഹായവും അർഹിക്കുന്നു. 'അരുത്, മുക്കിക്കൊല്ലരുത്' എന്നറിയിച്ച് പ്രതിഷേധ സന്ദേശം പ്രധാനമന്ത്രി, രാഷ്ട്രപതി, മഹാരാഷ്ട്ര മുഖ്യമന്ത്രി തുടങ്ങിയവർക്ക് അടിയന്തരമായി അയയ്ക്കുക.